കേരള സാഹിത്യ അക്കാദമി

national book festival 2012

പത്രക്കുറിപ്പ് (08.01.2012)

# ലോകത്തിലെ ആദ്യസാഹിത്യമുണ്ടായത് ഫോക്‌ലോറിൽ : പ്രൊഫ.മുഹമ്മദ് അഹമ്മദ്

തൃശൂർ : ലോകത്തിലെ ആദ്യസാഹിത്യമുണ്ടായത് ഫോക്‌ലോറിലാണെന്നും നമ്മളെങ്ങനെ നമ്മളായെന്നും നമ്മളെങ്ങനെ ഇവിടെയെത്തിയെന്നും ഫോക്‌ലോർ പഠിപ്പിക്കുന്നുണ്ടെന്നും കേരള ഫോക്‌ലോർ അക്കാദമി ചെയർമാൻ പ്രൊഫ.മുഹമ്മദ് അഹമ്മദ് പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെയും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിന്റെയും ഭാഗമായി നടത്തിയ ഫോക്‌ലോർ സെമിനാറിൽ 'സാഹിത്യത്തിലെ ഫോക്‌ലോർ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജീവിതാനുഭവങ്ങളിൽ നിന്നാണ് ഫോക്‌ലോറിന്റെ ഉത്ഭവം. ജീവിതദുരന്തങ്ങളും മറ്റ് അനുഭവങ്ങളും കഥകളും സംഗീതവുമായി മാറി. വാങ്മയചിത്രമാണ് ആദ്യമുണ്ടായത്. ചിന്തയും വികാരവും സ്നേഹവും ഭാവനയും പ്രകൃതിയും മണ്ണും കടലും ആകാശവുമെല്ലാം ഫോക്‌ലോറിന് വിഷയമായി. അങ്ങനെ ഫോക്‌ലോറിൽ നിന്നും ഒരുപാട് കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ പ്രസ് ക്ലബ്ബ് പ്രസിഡന്റ് ജോയ് എം. മണ്ണൂർ അദ്ധ്യക്ഷനായി. ഫോക്‌ലോർ രംഗത്ത് അതിപ്രഗത്ഭനായ ആണ്ടിപ്പണിക്കരെ സമ്മേളനം ആദരിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ ഉപഹാരം നൽകി. മൂന്നു തലമുറകളിലേക്ക് ഫോക്‌ലോറിന്റെ സന്ദേശം പകർന്നു നൽകിയ പ്രതിഭയാണ് എൺപത്തിമൂന്നുകാരനായ ആണ്ടിപ്പണിക്കർ. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് സമാദരണച്ചടങ്ങിൽ പങ്കെടുത്തു.

കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറി എം. പ്രദീപ്കുമാർ, ടി.ടി. പ്രഭാകരൻ എന്നിവരും സംസാരിച്ചു. വൈകീട്ട് നാടൻകലാവതരണവും ഉണ്ടായിരുന്നു.

**ആർ.ഗോപാലകൃഷ്ണൻ**
സെക്രട്ടറി & ജനറൽ കൺവീനർ

ദേശീയപുസ്തകോത്സവത്തിൽ ലളിതഗാനമത്സരം ജനുവരി 9 തിങ്കൾ 10 മണിക്ക്
എ.ഇ.വാമനൻ നമ്പൂതിരി ഉദ്ഘാടനം നിർവ്വഹിക്കും.